**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3782** **15-07-2022 - ൽ മറുപടിയ്ക്ക്**

**വിമാനത്തിൽ പ്രതിഷേധ മുദ്രാവാക്യം വിളിച്ചവരെ മർദ്ദിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ വച്ച് പ്രതിഷേധ മുദ്രാവാക്യം വിളിച്ച പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകരെ മർദ്ദിച്ച സംഭവത്തിൽ ഭരണകക്ഷി മുന്നണി കൺവീനർക്കെതിരെ ലഭിച്ച പരാതിയിന്മേൽ ശംഖുമുഖം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പരാതി പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട് വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം.നം. 511/2022 U/s 120 B, 332, 307, 34 of IPC Sec. 22 of Aircraft ( Investigation of Accidents and Incidents) Rules 2012, Sec.11 A of Aircraft Act 1934 & Sec.3 (1)(a)of Suppression of Unlawful Acts Against Safety of Civil Aviation Act 1982 ആയി രജിസ്റ്റർ ചെയ്ത കേസിലെ 1ഉം 2ഉം പ്രതികളായ ഫർസിൻ മജീദ്, നവീൻ കുമാർ എന്നിവർക്ക് വേണ്ടി മേൽ വിവരിച്ച പ്രകാരം അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പരാതി നൽകിയിട്ടുള്ളതാണെന്നും ഇത് പ്രതികൾ ചെയ്ത കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനു വേണ്ടിയാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സത്യസന്ധമായ വസ്തുതകൾക്ക് ഘടക വിരുദ്ധവും തെറ്റിദ്ധാരണ ജനകവുമായ ആരോപണങ്ങളാണ് കേസ്സിൽ ജാമ്യത്തിൽ ഇറങ്ങിയ പ്രതികൾ ഇപ്പോൾ ഉന്നയിക്കുന്നതെന്നും പ്രതികൾ ബഹു. കോടതിയിലോ പോലീസിലോ കസ്റ്റഡിയിൽ ഉണ്ടായിരുന്നപ്പോഴോ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ലാ എന്നും പ്രസ്തുത ആരോപണങ്ങൾ തെറ്റിദ്ധാരണാജനകമാണെന്നും ഈ കേസ് ഇപ്പോൾ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരുകയാണെന്നും ആയതിനാൽ ഈ ഘട്ടത്തിൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള അടിസ്ഥാന രഹിതമായ |

| | | | |
|---|---|---|---|
| | | | സംഗതികളിൽ പ്രത്യേകം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ആവശ്യകത നിലവിൽ ഇല്ലാ എന്നും പരാതിയുടെ അന്വേഷണ ഉദ്യോഗസ്ഥനായ ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ